# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5112** — **24.10.2011-ൽ മറുപടിയ്ക്ക്**

### ശ്രീ.അബ്ദു റഹിമാന്റെ പെൻഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുഹമ്മദുണ്ണി ഹാജി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങറോത്ത് പി.എച്ച്.സിയിലെ ഫാർമിസ്റ്റായിരുന്ന ശ്രീ. അബ്ദു റഹിമാൻ (ബിസ്മി ,കൊട്ടപ്പുറം, അന്തിയൂർ കുന്ന്.പി.ഒ, മലപ്പുറം ജില്ല)- നെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ നീക്കം ചെയ്തതിനുള്ള കാരണമെന്ത്; ഉത്തരവിന്റെ പകർപ്പ് സഹിതം വിശദാംശം നൽകുമോ; | (ബി) അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കുറ്റത്തിനാണ് ശ്രീ. അബ്ദു റഹിമാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (സി) സർവ്വീസിൽ നിന്നു വിരമിച്ചതിന് ശേഷമാണോ ഇദ്ദേഹത്തിനെ നീക്കം ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളത്; | (സി) അതെ. |
| (ഡി) കെ.സി.എസ് (സി.സി &എ) റൂൾസി ലെ 15 പ്രകാരമുള്ള അന്വേഷണം നടത്തിയിട്ടാണോ ഇദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്.<br><br>(ഇ) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.06.2010 ലെ ഇ.സി. 6/37683/09/സി എച്ച്.എസ് നമ്പർ കത്തിന്മേൽ എന്തെല്ലാം തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) & (ഇ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രസ്തുത കത്ത് 08.06.2010 ന് സർക്കാരിന് ലഭിക്കുകയുണ്ടായി ശ്രീ.അബ്ദുറഹിമാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടി വിശദമായ പരിശോധന ആവശ്യമായതിനാൽ അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച ഫയലും ബന്ധപ്പെട്ട രേഖകളും സർക്കാരിന് ലഭ്യമാക്കുന്നതിന് 18.12.2010 ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി ബന്ധപ്പെട്ട ഫയലുകൾ 12.10.2011 ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

| | | |
|---|---|---|
| (എഫ്) | മതിയായ അന്വേഷണം നടത്താതെയും വിശദീകരണം കേൾക്കാതെയും സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ.അബ്ദു റഹിമാന് മിനിമം പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ശ്രീ.അബ്ദു റഹിമാന് മിനിമം പെൻഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ